പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4131 03.02.2014- ൽ മറുപടിക്ക്

## നഴ്സിംഗ് സ്കൂളുകളിൽ ട്യൂട്ടർ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും, കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യ വകുപ്പിനു കീഴിൽ സർക്കാർ നഴ്സിംഗ് സ്കൂളുകൾ, ജെ.പി.എച്ച്.എൻ ട്രെയിനിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, നഴ്സിംഗ് ട്യൂട്ടർ, പി.എച്ച്.എൻ ട്യൂട്ടർ എന്നി തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ ; | എ) പ്രിൻസിപ്പൽ - 6<br>വൈസ് പ്രിൻസിപ്പൽ - 6<br>നഴ്സിംഗ് ട്യൂട്ടർ - 81<br>പി.എച്ച്.എൻ.ട്യൂട്ടർ - 22 |
| ബി) ആരോഗ്യ വകുപ്പിനു കീഴിലെ സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ യോഗ്യരായ സ്റ്റാഫ് നഴ്സ് / ഹെഡ് നഴ്സമാരെ നഴ്സിംഗ് ട്യൂട്ടർമാരായി ബൈട്രാൻസ്ഫർ നിയമനം നടത്തി 30/07/2013-ൽ ഡയറക്ടർ ഇറക്കിയ ഉത്തരവ് റദ്ദാക്കുവാനുള്ള സാഹചര്യം വ്യക്തമാക്കാമോ ; | ബി) നഴ്സിംഗ് ട്യൂട്ടർ തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഡബ്ല്യു.പി.(സി) നം.27554/10 വിധിക്കെതിരെ സംസ്ഥാന സർക്കാർ റിട്ട് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. (ഡബ്ല്യു.എ.നം.403/2012) പ്രസ്തുത അപ്പീലിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേയോ ഇടക്കാല വിധിയോ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. അതിനാൽ ബഹു.കേരള ഹൈക്കോടതിയുടെ മുൻ ഉത്തരവ് ഇപ്പോഴും നിലനിൽക്കുകയാണ്.അതിനെ മറികടന്നുകൊണ്ടുള്ള നിയമന ഉത്തരവ് കോടതി അലക്ഷ്യമാകുമെന്നതിനാലാണ് 30.7.2013 ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് റദ്ദാക്കേണ്ടി വന്നത്. |

| | |
|---|---|
| സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസ് അടിയന്തിരമായി തീർപ്പാക്കി നഴ്സിംഗ് സ്കൂളുകളിൽ നഴ്സിംഗ് ട്യൂട്ടർമാരുടെ സ്ഥിര നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; | സി) & ഡി) ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള പ്രസ്തുത കേസ് അടിയന്തിരമായി തീർപ്പാക്കുന്നതിന് അഡ്വക്കേറ്റ് ജനറലുമായി എഴുത്തുകുത്തുകൾ നടത്തുന്നുണ്ട്. കേസിൽ അന്തിമവിധി ഉണ്ടായശേഷമേ നിയമനം നടത്തുന്നകാര്യം പരിഗണിക്കാൻ കഴിയൂ. |
| ഡി) കേസ് തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നപക്ഷം കേരള ഹൈക്കോടതിയുടെ അനുമതിയോടെ നഴ്സിംഗ് സ്കൂളുകളിൽ ട്യൂട്ടർമാരുടെ നിയമനം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ